# സി.എച്ച്. ജേണലിസം അവാർഡ് ബർക്കാദത്ത്, എ.ജി. നൂറാനി, എസ്. ജയചന്ദ്രൻ നായർ എന്നിവർക്ക്



ബർക്കാ ദത്ത്



എ.ജി. നൂറാനി



എസ്. ജയചന്ദ്രൻ നായർ

കോഴിക്കോട്: കാലിക്കറ്റ് പ്രസ്സ് ക്ലബും സി.എച്ച്. മുഹമ്മദ് കോയ ജേണലിസം ട്രസ്റ്റും സംയുക്തമായി നൽകുന്ന സി.എച്ച്. ജേണലിസം അവാർഡുകൾക്ക് എൻ.ഡി.ടി.വി. എഡിറ്റർ ബർക്കാദത്ത്, കോളമിസ്റ്റ് എ.ജി. നൂറാനി, 'സമകാലിക മലയാളം വാരിക' പത്രാധിപർ എസ്. ജയചന്ദ്രൻ നായർ എന്നിവർ അർഹരായി.

ടെലിവിഷൻ രംഗത്തെ മികവിനാണ് 1,11,111 രൂപയുടെ അവാർഡ് ബർക്കാദത്തിന് നൽകുന്നത്. കഴിഞ്ഞ തവണ ഈ പുരസ്കാരം സി.എൻ.എൻ.-ഐ.ബി.എൻ. എഡിറ്റർ ഇൻ ചീഫ് രാജ്ദീപ് സർദേശായിക്കായിരുന്നു.

ദേശീയാടിസ്ഥാനത്തിൽ നൽകപ്പെടുന്ന ഏറ്റവും വലിയ മാധ്യമ പുരസ്കാരമായ സി.എച്ച്. അവാർഡ് ഇത്തവണ മുതൽ പ്രിന്റ്, ടെലിവിഷൻ മേഖലകൾക്ക് പുറമെ പ്രാദേശിക തലത്തിൽ മികവ് പ്രകടിപ്പിക്കുന്നവരെയും ആദരിക്കുന്നുണ്ട്.

പ്രിന്റ് രംഗത്തെ മികവിനാണ് കോളമിസ്റ്റായ എ.ജി. നൂറാനി അവാർഡ് നേടിയിരിക്കുന്നത്. 1,11,111 രൂപയും പ്രശസ്തി പത്രവും ഉൾക്കൊള്ളുന്നതാണ് പുരസ്കാരം.

മലയാള മാധ്യമപ്രവർത്തന രംഗത്തെ മികവിനാണ് ജയചന്ദ്രൻ നായർ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. 50,111 രൂപയും പ്രശസ്തി പത്രവുമുൾപ്പെടുന്നതാണ് അവാർഡ്.

സംസ്ഥാനത്തെ സാംസ്കാരിക - രാഷ്ട്രീയ - മാധ്യമ പ്രവർത്തനരംഗത്തെ തെരഞ്ഞെടുക്കപ്പെട്ട 50 പേരിൽ നിന്ന് നോമിനേഷൻ സ്വീകരിച്ചാണ് അവാർഡ് പാനലിനെ തെരഞ്ഞെടുത്തത്. ഈ പാനലിൽ നിന്നും എം.ടി. വാസുദേവൻ നായർ, ഒ.എൻ.വി. കുറുപ്പ്, ബി.ആർ.പി. ഭാസ്കർ എന്നിവരടങ്ങുന്ന ജൂറിയാണ് അവാർഡ് ജേതാക്കളെ നിശ്ചയിച്ചത്. അവാർഡുകൾ ജൂലൈ മാസത്തിൽ വിതരണം ചെയ്യുമെന്ന് അവാർഡ് കമ്മിറ്റി കൺവീനർ കമാൽ വരദൂർ അറിയിച്ചു.

**കമാൽ വരദൂർ**
സെക്രട്ടറി

23.05.2009